## ശ്രീമദ്ഭാഗവതം നിത്യപാരായണം 249-ാം ദിവസം

അനയാffരാധിതോ നൂനം ഭഗവാൻ ഹരിരീശ്വര:
യന്നോ വിഹായ ഗോവിന്ദ: പ്രീതോ യാമനയദ്രഹ: (10-30-28)
ഹാ നാഥ രമണ പ്രേഷ്ഠ ക്വാസി ക്വാസി മഹാഭുജ
ദാസ്യാസ്തേ കൃപണായാ മേ സഖേ ദർശയ സന്നിധിം (10-30-40)
തൻമനസ്കാസ്തദാലാപാസ്തദ്വി ചേഷ്ടാസ്തദാത്മികാ:
തദ് ഗുണാനേവ ഗായന്ത്യോ നാത്മാഗാരാണി സസ്മരു: (10-30-44)

*ശുകമുനി തുടർന്നു:*
അങ്ങിനെയവർ കൃഷ്ണനെ തേടി നടക്കുമ്പോൾ അവന്റെ കാലടിപ്പാടുകൾ കണ്ടു. അതുകണ്ട് അവർ ഹർഷപുളകിതരായി. എന്നാൽ ആ കാലടിപ്പാടുകളുടെ കൂടെ ഒരു തരുണിയുടെ കാലടികളും കാണായി. “ആരുടേതാണീ കാൽപ്പാടുകൾ? ഇങ്ങിനെ കൃഷ്ണന്റെ പ്രത്യേക സ്നേഹത്തിന് ഭാഗ്യം ലഭിച്ച അവൾ ആര്? തീർച്ചയായും അവൾ കൃഷ്ണനെ അത്രമാത്രം തീവ്രതയോടെ സ്നേഹിച്ചാരാധിച്ചിരിക്കണം. അല്ലെങ്കിൽ നമ്മെയെല്ലാമുപേക്ഷിച്ച് അവളെ മാത്രം കൃഷ്ണൻ കൂട്ടികൊണ്ടുപോവുകയില്ലല്ലൊ. നമ്മുടെ കൃഷ്ണന്റെ പ്രേമത്തിനു ഭാഗ്യം ലഭിച്ച അവളുടെ കാൽപ്പാടുകൾ കാണുന്നതുപോലും വേദനാജനകം. അല്ലാ നോക്കൂ അവളുടെ കാലടിപ്പാടുകൾ കാണുന്നില്ലല്ലോ. തീർച്ചയായും കൃഷ്ണൻ അവളെ തോളിലേറ്റിയിരിക്കും. അങ്ങിനെ അവളോടുള്ള മമത കുറച്ചുകൂടി വ്യക്തമാക്കിയിരിക്കും. ഇവിടെനിന്ന് മുന്നോട്ടുള്ള കാലടിപ്പാടുകൾക്ക് കനം കൂടുതലുണ്ടല്ലോ. ഇതാ ഇവിടെ. കൃഷ്ണൻ അവളെ താഴെയിറക്കിയരുത്തി തലമുടി പിന്നിയിട്ടു കൊടുത്തു കാണും. അവളുടെ മുടിയിൽ പൂക്കളും തിരുകിക്കൊടുത്തിരിക്കും. നോക്കൂ കുറച്ചു പൂക്കൾ അവിടെ ചിതറിക്കിടക്കുന്നുമുണ്ട്.” കൃഷ്ണന്റെ പാദമുദ്രകൾ പിന്തുടർന്ന് അവരങ്ങിനെ നടന്നു.

അവരുടെ അനുമാനം ശരിയായിരുന്നു. കൃഷ്ണൻ തിരഞ്ഞെടുത്ത് വിളിച്ചുകൊണ്ടുപോയ ഗോപിക ഒരു സമയത്ത് സന്തോഷാധിക്യത്താൽ കൃഷ്ണന്റെ മനസ്സിലെ പ്രമുഖസ്ഥാനം കിട്ടിയതിന്റെ അഭിമാനവും ഗർവ്വും കാണിച്ചു. കൃഷ്ണനോട് അവളെ എടുത്തു നടക്കാൻ ആവശ്യപ്പെട്ടു. “ശരി എന്നാൽ എന്റെ തോളിൽ കയറിക്കോളൂ” എന്ന് കൃഷ്ണനും പറഞ്ഞു. അവളങ്ങിനെചെയ്ത ക്ഷണത്തിൽ കൃഷ്ണനെ കാണാതായി. അവൾ ഉറക്കെ കരഞ്ഞു വിളിച്ചു: ഭഗവാനേ എന്റെ ആത്മപ്രിയനേ എവിടെയാണു നീ. പ്രിയപ്പെട്ട കൂട്ടുകാരാ ഞാനവിടുത്തെ ദാസിയല്ലയോ ഞാനവിടുത്തെ കണ്ടുകൊള്ളട്ടെ. ആ ഗോപിക നിയന്ത്രണാതീതമായ ദു:ഖത്തിലായിരുന്നു. ആ സമയത്താണ് മറ്റുഗോപികമാർ അവളെ കാണുന്നത് (രാധയാണോ അവൾ?) അവൾക്ക് കൃഷ്ണനെ കാണാഞ്ഞ് അതീവദു:ഖവും കൃഷ്ണന്റെ തിരോധാനത്തിന് താനാണുത്തരവാദി എന്ന തോന്നലും ഉണ്ടായി.

ഇപ്പോൾ എല്ലാവരും കൂടി കൃഷ്ണനെ തിരയാൻ തുടങ്ങി. ആത്മസത്തമുഴുവനും കൃഷ്ണചിന്തയാൽ പൂരിതമായി. എല്ലാ ചിത്തങ്ങളും അവനിൽ വിനീലമായിരുന്നു. അവനെപ്പറ്റി അവർ കഥകൾ പറഞ്ഞു. അവന്റെ അപദാനങ്ങൾ പാടി. കൃഷ്ണന്റെ ചെയ്തികളെ അനുകരിച്ചു. അവർക്ക് സ്വന്തം കാര്യങ്ങളെപ്പറ്റിയോ കുടുംബങ്ങളെപ്പറ്റിയോ യാതൊരു ചിന്തകളും ഉണ്ടായിരുന്നില്ല. പെട്ടെന്ന് അവിടം മുഴുവൻ ഇരുട്ടായി. അവർ യമുനാപുളിനത്തിലേക്ക് തിരിച്ചു നടന്നു. അവിടെ കൃഷ്ണന്റെ മഹിമകൾ പാടി അവരങ്ങിനെ കഴിഞ്ഞു.